<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനൊന്നാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 237

04.06.2018 ൽ മറുപടിയ്ക്ക്

## <u>ജയിലിലെ പച്ചക്കറി കൃഷി</u>

| <u>ചോദ്യം</u><br>ശ്രീ. എം. സ്വരാജ് | | <u>ഉത്തരം</u><br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ജയിലുകളിൽ കൃഷി ചെയ്യുന്ന പച്ചക്കറികൾ പൊതുജനങ്ങൾക്ക് ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കാമോ ; | (ബി) | തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ എന്നീ സെൻട്രൽ ജയിലുകളിലും, നെട്ടുകാൽത്തേരി, ചീമേനി എന്നിവിടങ്ങളിലെ തുറന്ന ജയിലുകളിലും ജൈവ പച്ചക്കറി കൃഷി ചെയ്തുവരുന്നു. ജയിൽ തോട്ടങ്ങളിൽ തരിശായി കിടക്കുന്ന എല്ലാ സ്ഥലങ്ങളിലും അന്തേവാസികളുടെ സേവനം ഉപയോഗിച്ച് പച്ചക്കറി കൃഷി വ്യാപിപ്പിക്കുകയും ജയിൽ ആവശ്യം കഴിഞ്ഞ് മിച്ചം വരുന്ന പച്ചക്കറി ജയിൽ വിപണന കേന്ദ്രങ്ങൾ വഴി പൊതുജനങ്ങൾക്ക് വിപണി വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് വില്പന നടത്തുകയും ചെയ്തുവരുന്നു. |
| (സി) | കൂടുതൽ പൊതുജനങ്ങൾക്ക് ഇവ ലഭ്യമാക്കുന്നതിനായി നഗര കേന്ദ്രങ്ങളിലും പ്രധാന കേന്ദ്രങ്ങളിലും ഇവയുടെ വിപണനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) | സ്വീകരിച്ച് വരുന്നു. |
| (ഡി) | എങ്കിൽ വിശദാംശം അറിയിക്കുമോ ? | (ഡി) | നിലവിൽ ജയിലുകളിൽ ഉൽപ്പാദിപ്പിക്കുന്ന ജൈവ പച്ചക്കറി ഉൽപ്പന്നങ്ങൾക്ക് ആവശ്യക്കാർ ഏറെ ആയതിനാൽ ഏറിയ പങ്കും ജയിൽ കൗണ്ടറുകൾ വഴി തന്നെ വിറ്റു പോകുകയാണ് പതിവ്. കൂടാതെ സർക്കാർ സംഘടിപ്പിക്കുന്ന മേളകളിൽ പങ്കെടുത്തുകൊണ്ട് ജയിൽ പച്ചക്കറി ഉൽപ്പന്നങ്ങൾ വിപണനം നടത്തിവരുന്നുണ്ട്. ഓണം, വിഷു തുടങ്ങിയ വിശേഷ അവസരങ്ങളിൽ ജയിൽ കവാടത്തിൽ പ്രത്യേക സ്റ്റാൾ വഴി പൊതുജനങ്ങൾക്ക് പച്ചക്കറി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ